33/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
02/03/2020

**സർക്കുലർ**

നാഷണൽ സർവ്വീസ് സ്കീമിന്റെ 2019-20 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരണത്തിൽ എത്തിയിരിക്കുകയാണ്. പ്രളയ ദുരിതാശ്വാസ രംഗത്ത് നമ്മൾ നടത്തിയ സമാനതകളില്ലാത്ത ഇടപെടലുകൾ, ഭവന നിർമ്മാണം, അക്ഷര സമൃദ്ധി, സമദർശൻ, പ്രഥമ ശുശ്രൂഷ തുടങ്ങിയ രംഗങ്ങളിലെല്ലാം ഒന്നേകാൽ ലക്ഷത്തിൽപരം വോളണ്ടിയർമാർ ആത്മാർത്ഥതയോടെ പ്രവർത്തിച്ചു.

മുൻവർഷത്തെ പ്രവർത്തനങ്ങൾ ഏറെ ആത്മാർത്ഥതയോടെ സംഘടിപ്പിച്ച മുഴുവൻ എൻ.എസ്.എസ് വോളണ്ടിയർമാരെയും ചുമതലക്കാരായ അദ്ധ്യാപകരെയും ഹൃദയംഗമായി അഭിനന്ദിക്കുന്നു.

എൻഎസ്എസ് വോളണ്ടിയർമാരായ വിദ്യാർത്ഥികളുടെ വ്യക്തിത്വം സമഗ്രമായി വികസിപ്പിക്കാൻ എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് കഴിയുമെന്നത് വസ്തുതയാണ്.

പ്രിയ വോളണ്ടിയർമാരായ വിദ്യാർത്ഥികളെ, മാർച്ച് പത്താം തീയതി മുതൽ ഹയർ സെക്കണ്ടറി പരീക്ഷകൾ ആരംഭിക്കുകയാണ്. തുടർന്ന് എൻഎസ്എസ് പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് ഈ വർഷത്തെ പരീക്ഷകൾക്കായി ഓരോരുത്തരും തയ്യാറെടുക്കേണ്ടതാണ്. നിങ്ങൾ എൻഎസ്എസ് പ്രവർത്തനങ്ങൾ നടത്തിയ അതേ ഗൗരവത്തോടും ഉത്തരവാദിത്തത്തോടും പൊതുപരീക്ഷയെ സമീപിക്കണം.

എല്ലാ എൻ.എസ്.എസ് കുടുംബാംഗങ്ങൾക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉജ്ജ്വല വിജയം ആശംസിക്കുന്നു.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ